# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -878 02.12.2015 ൽ മറുപടിയ്ക്ക്

**സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമുള്ള കുളങ്ങളും ജലസംഭരണികളും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കെ.നാരായണൻ :** | | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2012 വരെയുള്ള കണക്കുകൾ പ്രകാരം സ്വകാര്യ മേഖലയിലും, പൊതുമേഖലയിലുമായി ചെറുതും വലുതുമായ എത്ര കുളങ്ങളും ജലസംഭരണികളും ഉണ്ട് ; | (എ) | സംസ്ഥാനത്താകെ 40,024 പൊതു ജലാശയങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. സ്വകാര്യമേഖലയിലെ പൊതുജലാശയങ്ങൾ സംബന്ധിച്ച വിവരം കണക്കാക്കിയിട്ടില്ല. കേരള ഇലക്ട്രിസിറ്റി ബോർഡിന്റേതുൾപ്പെടെ ആകെ 53 ജലസംഭരണികൾ ഉണ്ട്. അവയുടെ മൊത്തം സംഭരണശേഷി 5600mm$^3$ ആണ്. |
| (ബി) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ആദ്യപടിയായി ഓരോ പഞ്ചായത്തിലും ഓരോ കുളം വീതം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നോ ; | (ബി) | ചെയ്തിട്ടുണ്ട്. |
| (സി) | ഇതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുക നീക്കി വെച്ചിരുന്നെന്നും, അതിൽ എന്തു തുക ചെലവഴിച്ചെന്നും എത്ര കുളങ്ങൾ നവീകരിക്കാനുദ്ദേശിച്ചിരുന്നതെന്നും എത്രയെണ്ണമാണ് നവീകരിച്ചതെന്നും വിശദമാക്കുമോ; | (സി) | ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 194 കുളങ്ങൾ നവീകരിച്ചു. റിനവേഷൻ ഓഫ് ടാങ്ക്സ് & പോണ്ട്/ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി എന്നിവയ്ക്കായി 31.10.2015 വരെ 22,14,43,786/- തുക ചിലവഴിച്ചിട്ടുണ്ട്. (4702-00-101-87-01 Renovation of ponds). |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ സംസ്ഥാനത്ത് ആകെയുള്ള കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും ആധികാരിക കണക്കുകൾ ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | ലഭ്യമാണ്. സംസ്ഥാനത്താകെ 40,024 പൊതുകുളങ്ങൾ ഉള്ളതായും 44 നദികളിലായി 39111 കി.മീ വൃഷ്ടി പ്രദേശമുള്ളതായും കണക്കാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ